**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5133** **14-03-2023 - ൽ മറുപടിയ്ക്ക്**

**ചുമട്ടുതൊഴിൽ മേഖലയിൽ ഉണ്ടാകാനിടയുള്ള പ്രതിസന്ധി തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലുടമകൾക്ക് സ്വന്തം സ്ഥാപനത്തിലെ തൊഴിലാളികളെ കൊണ്ട് ചരക്കിറക്കാനും കയറ്റാനുമുള്ള അവകാശം അനുവദിച്ചുകൊണ്ടുള്ള ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുമട്ടുതൊഴിൽ മേഖലയിൽ ഉണ്ടാകാനിടയുള്ള പ്രതിസന്ധിയെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ പദ്ധതി പ്രദേശങ്ങളിൽ രജിസ്റ്റേർഡ് സ്ഥാപനങ്ങളിൽ രജിസ്റ്റേർഡ് തൊഴിലാളികൾ ഉണ്ടായിട്ടും അറ്റാച്ച്ഡ് കാർഡ് നല്കുന്നതുവഴി തൊഴിൽ നഷ്ടപ്പെടുമെന്ന അരക്ഷിതാവസ്ഥ തൊഴിലാളികൾക്കിടയിലുണ്ട്. കൂടാതെ, തൊഴിലുടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും അവരുടെ തൊഴിലാളികളെക്കൊണ്ട് കയറ്റിറക്ക് ചെയ്യാം എന്ന ഉത്തരവ് ലഭ്യമാക്കുകയും ചെയ്യുന്നത് വഴിയും രജിസ്റ്റേർഡ് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം ഉണ്ടാകുന്നുണ്ട്. ഇത്തരം വിഷയങ്ങൾ മൂലം തൊഴിലാളികൾ ചെയ്തുകൊണ്ടിരുന്ന പല മേഖലകളിലേയും തൊഴിൽ കുറയുന്നതിനിടയാക്കിയിട്ടുണ്ട്. ഇവയുമായി ബന്ധപ്പെട്ട് ചിലയിടങ്ങളിൽ തൊഴിൽ തർക്കങ്ങൾ ഉണ്ടാകുന്നുണ്ട്. എന്നാൽ ഇത്തരം തൊഴിൽ തർക്കങ്ങളിൽ ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡും, തൊഴിൽ വകുപ്പും സമയോചിതമായി ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിച്ചു വരുന്നു. ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ രജിസ്റ്റേർഡ് തൊഴിലുടമകൾ പോലും സ്വന്തം സ്ഥാപനത്തിലെ ജീവനക്കാരെക്കൊണ്ട് കയറ്റിറക്ക് ചെയ്യുന്ന സ്ഥിതിയിലേയ്ക്ക് മാറുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ച് അവരുടെ ആവശ്യങ്ങളും അവകാശങ്ങളും നേടിയെടുക്കുന്നതിനു വേണ്ടി തൊഴിൽ വകുപ്പും കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡും ചേർന്ന് പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത കോടതിവിധി നടപ്പാക്കുന്നതിലൂടെ | (ബി) | ബഹു. സുപ്രീം കോടതിവിധി നടപ്പിലാക്കുന്നതിലൂടെ |

| | | | |
|---|---|---|---|
| | സംസ്ഥാനത്തെ ഒന്നരലക്ഷത്തോളം വരുന്ന അംഗീകൃത ചുമട്ടുതൊഴിലാളികളുടെ തൊഴിലും, വരുമാനവും നിലയ്ക്കുന്നതുമൂലം സാമൂഹിക, സാമ്പത്തിക രംഗങ്ങളിൽ എന്തെല്ലാം പ്രത്യാഘാതങ്ങളാണ് ഉണ്ടാകാനിടയുള്ളതെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | | രജിസ്റ്റേർഡ് തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥയുണ്ട്. കോടതി വിധി തൊഴിലാളികളുടെ ക്ഷേമത്തിനും തൊഴിൽ സുരക്ഷിതത്വത്തിനും പ്രതികൂലമായതിനാൽ സംസ്ഥാനത്ത് തൊഴിലാളി ക്ഷേമവും തൊഴിൽ അവകാശങ്ങളും ഹനിക്കപ്പെടുന്ന അവസ്ഥയാണുള്ളത്. ബോർഡിന്റെ പദ്ധതി പ്രദേശങ്ങളിൽ രജിസ്റ്റേർഡ് തൊഴിലാളികൾ ഉണ്ടായിട്ടും തൊഴിലുടമകൾ അറ്റാച്ച്ഡ് കാർഡ് നേടുന്നത് വഴി തൊഴിൽ നഷ്ടപ്പെടുന്ന അരക്ഷിതാവസ്ഥ തൊഴിലാളികൾക്കിടയിലുണ്ട്. ചുമട്ടുതൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ലക്ഷക്കണക്കിന് തൊഴിലാളികളുടേയും അവരുടെ ആശ്രിതരുടേയും ഉപജീവനം,വിദ്യാർത്ഥികളുടെ പഠനം, രോഗികളുടെ ചികിത്സ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; ഇതിനായി കേന്ദ്ര സഹായം ആവശ്യപ്പെടുമോ; വിശദമാക്കാമോ? | (സി) | കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് തൊഴിലാളികൾക്കും ആശ്രിതർക്കുമായി നൽകുന്ന ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിച്ചും സമയബന്ധിതമായി തൊഴിലാളികൾക്ക് അനുവദിച്ച് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുള്ളതാണ്. ബോർഡിന്റെ പ്രവർത്തനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും അതുവഴി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മാറിവരുന്ന തൊഴിൽ സാഹചര്യങ്ങൾക്ക് അനുസൃതമായി ചുമട്ടുതൊഴിൽ മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കും പരിഷ്കാരങ്ങൾക്കുമൊപ്പം നിൽക്കാൻ ചുമട്ടു തൊഴിലാളികളെ സജ്ജരാക്കുന്നതിന്റെ ഭാഗമായി ബോർഡിന്റെ ആഭിമുഖ്യത്തിൽ തൊഴിലാളികൾക്ക് നിരന്തരമായി പരിശീലന പരിപാടികൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിച്ച് വരുന്നു. കൈകാര്യം ചെയ്യാൻ അങ്ങേയറ്റം വൈദഗ്ദ്ധ്യം വേണ്ട കയറ്റിറക്ക് മേഖലയിൽ സ്കിൽഡ്/സെമി സ്കിൽഡ് തൊഴിലാളി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. സ്കിൽഡ് ലേബേഴ്സ് എന്ന വിഭാഗത്തിൽ നിന്നും മാറ്റി നിർത്തപ്പെടാതിരിക്കാൻ തൊഴിലാളികൾക്ക് വൈദഗ്ദ്ധ്യ പരിശീലനം നൽകുന്ന കാര്യം ബോർഡിന്റെ പരിഗണനയിലാണ്. മാത്രമല്ല ചുമട്ടു തൊഴിൽ എന്ന നിർവ്വചനത്തിനുമപ്പുറം തൊഴിലിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് നടത്തിവരുന്നു. ചുമട്ടു തൊഴിലാളി ക്ഷേമബോർഡ് മറ്റു ക്ഷേമബോർഡുകളിൽ നിന്നും വ്യത്യസ്തമായി തനത് ഫണ്ട് ഉപയോഗിച്ചാണ് പ്രവർത്തിച്ചു വരുന്നത്. |

| | | | |
|---|---|---|---|
| | | | കേന്ദ്ര സഹായം അഭ്യർത്ഥിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിൽ ഇല്ല . |

സെക്ഷൻ ഓഫീസർ